# എസ്.എ.എൽ.പി.എസ്
# കാട്ടൂക്കര
# അക്കാദമിക മാസ്റ്റർ - പ്ലാൻ
# 2025 - 2026

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

എല്ലാ പാഠ്യ പാഠ്യേതര പ്രവൃത്തികളെയും ഉത്സാഹത്തോടെ ഏറ്റെടുത്ത് പ്രവർത്തിക്കുന്ന SALPS കാട്ടൂക്കര സജീവമായ PTA, പൊതു സമൂഹം എന്നിവരുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവുറ്റതാക്കും എന്ന പ്രതിജ്ഞയോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ മാസ്റ്റർപ്ലാൻ ഇതിന്റെ ഉദ്ദേശങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

# എസ് എ എൽ പി എസ്
# കാട്ടൂക്കര

പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിൽ വാർഡിൽ സ്ഥിതിചെയ്യുന്ന എസ്.എ.എൽ.പി എസ് കാട്ടൂക്കര എന്ന വിദ്യാലയം തിരുവല്ല പട്ടണത്തിന്റെ ഹൃദയഭാഗത്തായി നിലകൊള്ളുന്നു. അനേകം വിദ്യാർത്ഥികളെ അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തിയ ഈ വിദ്യാലയം 1912 ൽ സാൽവേഷൻ ആർമി സഭയാൽ രൂപീകൃതമായതാണ്. സമൂഹത്തിൽ പിന്നാക്കം നിൽക്കുന്നവരുടെ ഉൾപ്പെടെ എല്ലാ വിഭാഗം കുട്ടികൾക്കും പ്രവേശനം നൽകിക്കൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായമാണ് ഇവിടെ ഈ വിദ്യാലയത്തിൽ നിലനിന്നുപോരുന്നത്.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : എസ്.എ.എൽ.പി.എസ്
കാട്ടൂക്കര

മേൽവിലാസം : കാട്ടൂക്കര, തിരുവല്ല
പത്തനംതിട്ട.

സ്കൂൾ കോഡ് : 37218

വിദ്യാഭ്യാസ ഉപജില്ല : തിരുവല്ല.

ബി.ആർ.സി : തിരുവല്ല.

മുനിസിപ്പാലിറ്റി : തിരുവല്ല.

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്ന നിരന്തരമായ പ്രവർത്തനങ്ങളൊരുക്കും.
- ആധുനിക സാങ്കേതികവിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ പ്രയോഗിക്കുന്നതിന് അധ്യാപകരെ ശക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പു വരുത്തും.
- 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ
- കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥിസംഘങ്ങൾ രൂപീകരിക്കൽ.
- വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.
- രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| * എല്ലാകുട്ടികളും മലയാളം അനായാസം എഴുതുകയും വായിക്കുന്നതിനുമുള്ള ശേഷി കൈവരിക്കുക.<br><br>* എല്ലാകുട്ടികളെയും സ്വന്തം വായനക്കാരാക്കുക. | - അക്ഷരം ഉറപ്പിക്കൽ<br>- ചിഹ്നം ഉറപ്പിക്കൽ<br>- പദനിർമ്മാണം<br>- വാക്യനിർമ്മാണം<br>- ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>- ലൈബ്രറി നവീകരിക്കൽ<br>- വായനകാർഡ് തയ്യാറാക്കൽ<br>- പത്രവായന പരിപോഷിപ്പിക്കൽ<br>- വായനാമത്സരങ്ങൾ സംഘടിപ്പിക്കൽ<br>- വായനാക്കുറിപ്പ് തയ്യാറാക്കൽ<br>- മികച്ച വായനക്കാർ, എഴുത്തുകാർ സമ്മാനം നൽകൽ)<br>- എഴുത്തുകൂട്ടം<br>- സ്വന്തം രചനയ്ക്കുള്ള അവസരം.<br>- സംയുക്തഡയറി, സർഗ്ഗാത്മക ഡയറി തയ്യാറാക്കൽ<br>- കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ. | | |

English.

| Aim | Activities | Duration | |
|---|---|---|---|
| * Improve the English Language proficiency of Students<br><br>* All children can read and comprehend text<br><br>* children are able to write different discourses.<br><br>* make Simple riddles. | Reading Skill.<br>- Read texts daily, read one page from<br>- Reading Games -> find word ...<br><br>Writing Skill<br>- prepare Concept maps - word sun... trees.<br>- Describe a picture in simple Sentences<br>Listening Skill<br>- English atmosphere classroom - Teacher Talk interactions<br>- Listen to the instructions and do accordingly.<br>Speaking Skill.<br>- Interact with teachers and friends in simple English - Describe about my - family, my School. | | |

ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * ഗണിതപഠനം ആസ്വാദ്യകരമാക്കുക. | - കളികളിലൂടെയുള്ള ഗണിതപഠനം<br>- ഗണിതം ആസ്വാദ്യകരമാക്കാൻ ഗണിതപാട്ടുകൾ പാടുക.<br>- ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ | | |
| * എല്ലാ കുട്ടികളെയും മനക്കണക്കിലൂടെ ഗണിതക്രിയകൾ ചെയ്യാൻ പ്രാപ്തരാക്കുക. | | | |
| * പ്രായോഗിക പ്രശ്ന വിശകലനത്തിനും നിർധാരണത്തിനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക | - സങ്കലനവ്യവകലന ക്രിയകൾ ഉൾപ്പെടുത്തി പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.<br>- പ്രായോഗികപ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പ്രയോഗിച്ചുള്ള പഠനം | | |
| * സംഖ്യാബോധം, സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ | - ഗണിതകിറ്റിലെ വസ്തുക്കൾ പ്രയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | | |
| * സ്ഥാനവില പ്രശ്നങ്ങൾ പരിഹരിക്കുക. | - സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് എന്നിവ നിർമിക്കൽ. | | |

പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | ഉപരിതലം 10ം.

## ലക്ഷ്യങ്ങൾ

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്രവിഷയങ്ങളിൽ അഭിരുചി വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | * പ്രകൃതി നടത്തം.<br>- വ്യക്തിശുചിത്വം പരിസരശുചിത്വം (ബോധവൽക്കരണ ക്ലാസ്)<br>- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>- പ്രത്യേകതകൾ മനസ്സിലാക്കാം<br>- ജീവജാലങ്ങളുടെ പരസ്പരാശ്രയത്വം ചർച്ച<br>* പൂന്തോട്ടം ഒരുക്കാം.<br>- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>- വീട്ടിൽ പൂന്തോട്ടം ഒരുക്കാം. | ജൂൺ-മാർച്ച് | |
| - ശാസ്ത്രവിഷയങ്ങളിൽ അഭിരുചി വളർത്തുക | * സയൻസ് ക്ലബ്ബ് രൂപീകരണം, പ്രവർത്തനം<br>- ലഘുപരീക്ഷണങ്ങൾ<br>- സയൻസ് കോർണർ. | | |

| | | | |
|---|---|---|---|
| ശുചിത്വ ശീലങ്ങൾ പാലിക്കുക. | * പരിസ്ഥിതിദിന പ്രവർത്തനങ്ങൾ<br>- വൃക്ഷത്തൈ നടീൽ.<br>- നട്ട വൃക്ഷത്തൈ പരിപാലിക്കൽ.<br>* ആരോഗ്യകായിക വിദ്യാഭ്യാസം കുട്ടികളിൽ<br>- ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ<br>- ലഹരി (ബോധവത്ക്കരണ ക്ലാസ്.)<br>- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ<br>- പരിസരമലിനീകരണം തടയുന്നതിന് സർവ്വേ<br>- വ്യക്തിശുചിത്വം പാലിക്കൽ (ചെക്ക്ലിസ്റ്റ് തയ്യാറാക്കൽ)<br>- ഫീൽഡ് ട്രിപ്പ് (കുളം, വയൽ, കാട് etc.)<br>- ഡോക്യുമെന്ററി പ്രദർശനം<br>- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ മനസ്സിലാക്കാം. | | |

# ഉപസംഹാരം

എസ്. എ. എൽ. പി. സ്കൂൾ കാട്ടുക്കരയുടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ 2019-2020-ലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ലക്ഷ്യങ്ങളോടെ തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. 2019-2020-ലെ പ്രവർത്തനങ്ങൾ മികച്ചരീതിയിൽ പൂർത്തീകരിക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്.